പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 6301

08.07.2014-ൽ മറുപടിക്ക്.

## വിക്റ്റിം കോമ്പൻസേഷൻ സ്കീം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ദാസൻ | ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് കുറ്റകൃത്യങ്ങളിൽ ഇരയാകുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് വിക്റ്റിം കോമ്പൻസേഷൻ സ്കീം നടപ്പാക്കുന്നുണ്ടോ; | :(എ) ഉണ്ട്. 24.02.2014 ലെ സ.ഉ (കൈയ്യെഴുത്ത്) നമ്പർ 37/2014/ആഭ്യന്തരം പ്രകാരം പ്രസ്തുത സ്കീമിന് ഭരണാനുമതി നൽകി |
| (ബി) പ്രസ്തുത സ്കീം പ്രകാരം ഇതുവരെ എത്ര പേർക്ക് ആനുകൂല്യം നൽകി; | (ബി) സ്കീമിന് ഭരണാനുമതി നൽകിയെങ്കിലും വിക്ടിം കോമ്പൻസേഷൻ ഫണ്ട് (VCF) രൂപീകരിക്കുന്നതു സംബന്ധിച്ച നടപടികൾ സ്വീകരിച്ചുവരുന്നതേയുള്ളൂ. ആയതിനാൽ ഇതുവരെ ഇതുപ്രകാരം ആനുകൂല്യം അനുവദിച്ചിട്ടില്ല. |
| (സി) സംസ്ഥാനത്ത് പോലീസിന്റെ അതിക്രമങ്ങൾക്ക് ഇരയായവർക്ക് പ്രസ്തുത സ്കീം പ്രകാരം നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിക്കുമോ;<br><br>(ഡി) പോലീസിന്റെ അതിക്രമങ്ങൾക്ക് ഇരയായ ധാരാളം പേർ സംസ്ഥാനത്ത് കഷ്ടതകൾ അനുഭവിക്കുന്ന കാര്യം സർക്കാർ പരിഗണനയിലെടുക്കുമോ; വ്യക്തമാക്കുമോ? | (സിയും, ഡിയും) വിക്ടിം കോമ്പൻസേഷൻ സ്കീമിന്റെ റൂൾ 2 (i) പ്രകാരം അർഹതപ്പെട്ടവർക്ക് ആനുകൂല്യം ലഭിക്കും. പോലീസ് അതിക്രമത്തിന് ഇരയാകുന്നവർ പ്രസ്തുത റൂളിന്റെ പരിധിയിൽ വരുന്നവരാണെങ്കിൽ അർഹരാകുന്നതാണ്. |

സെക്ഷൻ ഓഫീസർ